LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും ഗ്യാരന്റി കമ്മിഷൻഇനത്തിൽ 31-12-2015 വരെ പിരിഞ്ഞുകിട്ടാനുള്ള തുക 239,145,530 രൂപ (ഇരുപത്തിമൂന്നു കോടി തൊണ്ണൂറ്റി ഒന്ന് ലക്ഷത്തി നാല്പത്തി അയ്യായിരത്തി അഞ്ഞൂറ്റി മുപ്പത്)യാണ്.

(ബി) കുടിശ്ശിക വരുത്തിയ പൊതുമേഖലാ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും കുടിശ്ശിക തുക എത്രയാണെന്നുമുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.*

ടെക്നോളജി ക്ലിനിക്ക്

195 (580) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയിട്ടുള്ള ടെക്നോളജി ക്ലിനിക്ക് പരിപാടിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരിപാടിക്കായി എത്ര തുക ,ഏതെല്ലാം വിധത്തിൽ ചെലവിട്ടിട്ടുണ്ടെന്ന് ജില്ല തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) ടെക്നോളജി ക്ലിനിക്ക് ചെറുകിട വ്യവസായങ്ങളെ ശാക്തീകരിക്കുന്നതിന് എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട് എന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിവരം അറിയിക്കുമോ?

ഉത്തരം

(എ) ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഭക്ഷ്യ സംസ്കരണ മേഖലയിലെ നൂതന സാങ്കേതിക വിദ്യകൾ, ഭക്ഷ്യ സുരക്ഷാ നിയമം, പാക്കേജിംഗ്, കിഴങ്ങുവർഗ്ഗങ്ങളുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, മെഷിനറി കാറ്റലോഗ് ഷോ, റബ്ബർ അധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, പാരമ്പര്യേതര ഊർജ്ജ വ്യവസായങ്ങൾ, പാൽ ഉൽപ്പന്നങ്ങൾ, പ്ലാസ്റ്റിക് അധിഷ്ഠിത വ്യവസായങ്ങൾ, ബാർ കോഡിംഗ്, ചക്കയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ, ക്വാളിറ്റി സ്റ്റാൻഡേർഡ്സ് എന്നീ മേഖലകളിലെ നൂതന ആശയങ്ങൾ സംരംഭകർക്ക് വിശദമാക്കുന്നതിനും അതുവഴി പുതിയ സംരംഭകരെ ഈ മേഖലകളിലേയ്ക്ക് ആകർഷിക്കുന്നതിനും അവർക്ക് വേണ്ട കൈത്താങ്ങ് നൽകുന്നതിനും വേണ്ടിയാണ് ടെക്നോളജി ക്ലിനിക്ക് സംഘടിപ്പിച്ചത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ ഇടുക്കി, വയനാട്, പത്തനംതിട്ട ജില്ലകൾക്ക് 80,000 രൂപ വീതവും മറ്റ ജില്ലകൾക്ക് 90,000 രൂപ വീതവും അനുവദിച്ചിട്ടുണ്ട്. കൂടാതെ 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ഓരോ ജില്ലയ്ക്കും 1 ലക്ഷം രൂപ വീതം ടെക്നോളജി ക്ലിനിക്ക് പരിപാടിക്കായി അനുവദിച്ചിട്ടുണ്ട്.

(സി) ഉണ്ട്. റബ്ബറിന്റെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, ചക്ക ഉൾപ്പെടെയുള്ള പഴവർഗ്ഗങ്ങളുടെ ഭക്ഷ്യ സംസ്കരണം, പാരമ്പര്യേതര ഊർജ്ജ വ്യവസായം, ജനറൽ എഞ്ചിനീയറിംഗ് തുടങ്ങി വൈവിധ്യമാർന്ന വ്യവസായ മേഖലകളിലെ സംരംഭകർക്ക് ടെക്നോളജി ക്ലിനിക്കുകളിലൂടെ നൂതന പരിശീലനമാണ് നൽകിയിട്ടുള്ളത്. പരിശീലനത്തിനുശേഷം സംരംഭങ്ങൾ ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ പരിശോധിക്കുകയും സ്ഥിതിഗതികൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഉൽപ്പാദനത്തിൽ വർദ്ധനവുണ്ടാകുകയും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുകയും വിപണനം വർദ്ധിക്കുകയും തദ്വാര സാമ്പത്തിക പുരോഗതി ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. ടെക്നോളജി ക്ലിനിക്കുകൾ സംരംഭകർക്ക് പ്രയോജനകരമാകത്തക്ക രീതിയിലാണ് നടപ്പാക്കിയിട്ടുള്ളത്.

പൊതുമേഖലാ സ്ഥാപനങ്ങൾ

196 (581) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം വ്യവസായ വകുപ്പിന് കീഴിലുള്ള ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങൾ നിലവിൽ പൂട്ടിക്കിടക്കുന്നു;

(ബി) ഇപ്രകാരം പൂട്ടിക്കിടക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്ഥാവരജംഗമ വസ്തുക്കൾ ഉൾപ്പെടെയുള്ള ആസ്തിയും, കടബാധ്യതയും എത്ര എന്നുള്ള വിശദാംശം സ്ഥാപനം തിരിച്ച് ലഭ്യമാക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങളോരോന്നും ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നും വായ്പ എടുത്തുവെന്നും സ്ഥാപനം പൂട്ടുമ്പോൾ അവർ എടുത്ത വായ്പ എത്രയാണെന്നും പലിശ ഉൾപ്പെടെ നിലവിൽ വായ്പ എത്ര തുക എന്നും സ്ഥാപനം തിരിച്ച് വിശദമാക്കുമോ;

(ഡി) ഇപ്രകാരമുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ ഓരോന്നും പൂട്ടിയപ്പോൾ എത്ര തൊഴിലാളികൾ ഉണ്ടായിരുന്നു എന്നും ഇവരുടെ പുനരധിവാസത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാം എന്നും നിലവിലുണ്ടായിരുന്ന തൊഴിലാളികളിൽ ആത്മഹത്യ ചെയ്തവർ എത്രയെന്നും അവർ ആരെല്ലാം എന്നും അവരുടെ കുടുംബത്തിന് എന്തു സഹായം നൽകിയെന്നും സ്ഥാപനം തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly